**"ഭരണഭാഷ-മാതൃഭാഷ"**

No. DWCD/5378/2024-ICDSA1

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 30-05-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും,

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ് - ഐസിഡിഎസ് - 2023-24 സാമ്പത്തിക വർഷത്തെ അങ്കണവാടി കണ്ടിജൻസി (അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്) - പ്രിന്റിംഗ് ജോലികൾ നിർവ്വഹിക്കുന്നത് - സംബന്ധിച്ച്:-

സൂചന:-
1. ഈ കാര്യാലയത്തിലെ 20.05.2024 ലെ DWCD/2772/2023-ICDSA1 നമ്പർ ഉത്തരവ്
2. ഈ കാര്യാലയത്തിലെ 08.01.2025 ലെ മേൽ നമ്പർ കത്ത്.
3. സ.ഉ.(സാധാ) നം. 12/2025/PPAD തീയതി 29.03.2025.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്തെ അങ്കണവാടികൾക്ക് 2023-24 സാമ്പത്തിക വർഷത്തെ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് (അങ്കണവാടി കണ്ടിജൻസി) ഇനത്തിൽ തുക വിനിയോഗിക്കുന്നതിനുള്ള അനുമതിയും, ആയതിനുള്ള ഫണ്ടും സൂചന (1) പ്രകാരം ശിശുവികസന പദ്ധതി ഓഫീസർക്ക് നൽകി ഉത്തരവായിട്ടുണ്ട്.

അച്ചടി സംബന്ധമായ എല്ലാ ജോലികളും അച്ചടി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ പ്രസ്സിലൂടെ മാത്രമേ നടത്താവൂ എന്ന സർക്കാരിൽ നിന്നുള്ള സർക്കുലർ നിലനിൽക്കവേ അങ്കണവാടി കണ്ടിജൻസിയിലുൾപ്പെട്ട പ്രിന്റിംഗുമായി ബന്ധപ്പെട്ട് ശ്രീ.കിഷോർ മാത്യു Ryan Agencies, Kottayam എന്ന സ്ഥാപനത്തിന്റെ പ്രൊപ്രൈറ്റർ ബഹു. ഹൈക്കോടതിയിൽ WP(C) 34253/2024 റിട്ട് പെറ്റീഷൻ സമർപ്പിച്ചതിന്മേൽ ബഹു. ഹൈക്കോടതി വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2023-24 വർഷത്തെ അങ്കണവാടി കണ്ടിജൻസി ഇനത്തിൽ (അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്) അനുവദിച്ചിട്ടുള്ള തുകയിൽ പ്രിന്റിംഗ് ഒഴികെയുള്ള ഇനങ്ങൾക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് സൂചന(2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

അങ്കണവാടി കണ്ടിജൻസിയിലുൾപ്പെടുത്തിയുള്ള (അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്) പ്രിന്റിംഗ് വർ ക്കുകൾ 2024-25 സാമ്പത്തിക വർഷം മാത്രം സർക്കാർ/സർക്കാർ അംഗീകൃത പ്രിന്റിംഗ് ഏജൻസികൾ/ സൊസൈറ്റികൾ/ പൊതുമേഖല /സഹകരണ പ്രസ്സുകൾ/തിരുവനന്തപുരം ജില്ലാ വികലാംഗ ക്ഷേമ പ്രിന്റിംഗ് ആന്റ് ബുക്ക് ബയന്റിംഗ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

ലിമിറ്റഡ് / തുടങ്ങിയവ മുഖാന്തിരം കേരള ഫിനാൻഷ്യൽ കോഡ് രണ്ടാം വാല്യം, Appendix 4. Item No.42 ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് നിർവ്വഹിക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകി സൂചന(3) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

ഈ സാഹചര്യത്തിൽ സൂചന(1) ഉത്തരവിൽ ഉൾപ്പെട്ട പ്രിന്റിംഗ് ജോലികൾ സൂചന (3) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി നിർവ്വഹിക്കേണ്ടതാണെന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

For വനിത ശിശുവികസന ഡയറക്ടർ

പകർപ്പ് : എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

### സംഗ്രഹം

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് - അങ്കണവാടി കണ്ടിജൻസി (അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്) യിലുൾപ്പെടുത്തിയിട്ടുള്ള പ്രിന്റിംഗ് വർക്കുകൾ 2024-2025 സാമ്പത്തിക വർഷം മാത്രം സർക്കാർ/ സർക്കാർ അംഗീകൃത പ്രിന്റിംഗ് ഏജൻസികൾ/സൊസൈറ്റികൾ/പൊതുമേഖല/സഹകരണ മേഖല പ്രസ്സുകൾ/ തിരുവനന്തപുരം ജില്ല വികലാംഗക്ഷേമ പ്രിന്റിംഗ് ആന്റ് ബുക്ക് ബയന്റിംഗ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്/ഉടങ്ങിയവ മുഖേന നിർവഹിക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുസംഭരണ ഉപദേശകകാര്യ (സി) വകുപ്പ്

സ.ഉ.(സാധാ) നം.12/2025/PPAD തീയതി,തിരുവനന്തപുരം, 29-03-2025

---

പരാമർശം:- 1. 09/05/2024 -ലെ എസ്.പി.ഡി-സി3/216/2022-എസ്.പി.ഡി. നമ്പർ സർക്കുലർ.

2. വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 26/10/2024 - ലെ DWCD/5378/2024-ICDSA1 നമ്പർ കത്ത്.

### ഉത്തരവ്

സർക്കാരിന്റെ അച്ചടിജോലികൾ അച്ചടിവകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ പ്രസ്സുകൾ മുഖേന നിർവ്വഹിക്കണമെന്ന കർശനനിർദ്ദേശം പാലിക്കുന്നതിനായി പരാമർശം (1) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(2) അങ്കണവാടി കണ്ടിജൻസി (അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്) ഇനത്തിൽ ഉൾപ്പെടുത്തി പ്രിന്റ് ചെയ്യേണ്ടത് മുൻ വർഷം കണ്ടിജൻസിയിൽ ഉൾപ്പെടുത്തി പ്രിന്റ് ചെയ്തിട്ടില്ലാത്തതും ഏറ്റവും അത്യാവശ്യമുള്ള രജിസ്റ്ററുകളും ഫോറങ്ങളും ആണ്. ഓരോ അങ്കണവാടിയുടേയും ആവശ്യകതയ്ക്കനുസരിച്ച് അങ്കണവാടി കണ്ടിജൻസിയിലുൾപ്പെടുത്തി രജിസ്റ്ററുകളും ഫോറങ്ങളും പ്രിന്റ് ചെയ്ത് കൊടുക്കേണ്ടത് അതാത് സി.ഡി.പി.ഒ തലത്തിലാണ്. ഓരോ അങ്കണവാടികളുടെയും ആവശ്യകതയ്ക്കനുസരിച്ച് ഓരോ ഐ.സി.ഡി.എസ് പ്രോജക്ടിലെയും അങ്കണവാടികൾക്കാവശ്യമായ രജിസ്റ്ററുകളുടെയും, ഫോറങ്ങളുടെയും ഇനം, എണ്ണം എന്നിവ വ്യത്യസ്തമായിരിക്കും. പ്രസ്തുത സാഹചര്യത്തിലും ഒരങ്കണവാടിയ്ക്ക് അനുവദനീയമായ തുകയിൽ കണ്ടിജൻസി സാധനങ്ങൾ വാങ്ങിയ ശേഷമുള്ള തുകയ്ക്കാണ് അത്യാവശ്യമുള്ള ഫോമുകളും രജിസ്റ്ററുകളും പ്രിന്റ് ചെയ്യുന്നത് എന്നതിനാലും, ഗവ. പ്രസ്സ് വഴി പ്രിന്റ് ചെയ്യുന്നതിലെ പ്രോഗ്രാം ഓഫീസർമാർ/ശിശു വികസന ഓഫീസർമാർ എന്നിവർ അറിയിച്ചിട്ടുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് അങ്കണവാടി കണ്ടിജൻസി (അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്) യിലുൾപ്പെടുത്തിയിട്ടുള്ള പ്രിന്റിംഗ് വർക്കുകൾ സർക്കാർ/സർക്കാർ അംഗീകൃത പ്രിന്റിംഗ് ഏജൻസികൾ /സൊസൈറ്റികൾ/പൊതുമേഖല/സഹകരണ മേഖല പ്രസ്സുകൾ/ തിരുവനന്തപുരം ജില്ല വികലാംഗക്ഷേമ പ്രിന്റിംഗ് ആന്റ് ബുക്ക് ബയന്റിംഗ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ്

സൊസൈറ്റി ലിമിറ്റഡ്/തുടങ്ങിയവ മുഖേന നിർവഹിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് വനിത ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. *സർക്കാർ പ്രസ്സിലൂടെ പ്രിന്റിംഗ് നിർവഹിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെന്ന് ഭരണവകുപ്പ് അറിയിച്ചിരിക്കുന്ന സാഹചര്യത്തിലും ഈ വിഷയവുമായി ബന്ധപ്പെട്ട കേസ് ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്ന സാഹചര്യത്തിലും അങ്കണവാടി കണ്ടിജൻസിയിലുൾപ്പെടുത്തിയിട്ടുള്ള (അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസസ് ) പ്രിൻ്ററിംഗ് വർക്കുകൾ 2024 - 2025 സാമ്പത്തിക വർഷം മാത്രം സർക്കാർ / സർക്കാർ അംഗീകൃത പ്രിൻ്ററിംഗ് ഏജൻസികൾ / സൊസൈറ്റികൾ / പൊതുമേഖല / സഹകരണ പ്രസ്സുകൾ / തിരുവനന്തപുരം ജില്ല വികലാംഗക്ഷേമ പ്രിൻ്ററിംഗ് ആൻ്റ് ബുക്ക് ബയന്റിംഗ് ഇൻഡസ്ട്രിയൽ കോ - ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് / തുടങ്ങിയവ മുഖാന്തിരം കേരള ഫിനാൻഷ്യൽ കോഡ് രണ്ടാം വാല്യം , Appendix 4. Item No.42 ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് നിർവഹിക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.*

*അടുത്ത സാമ്പത്തിക വർഷം ഓരോ ഐ.സി.ഡി.എസ് പ്രോജക്ടിലെയും കണ്ടിജൻസിയിലുൾപ്പെടുത്തിയിട്ടുള്ള ( അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസസ്) പ്രിൻ്ററിംഗ് വർക്കുകളുടെ ആവശ്യകത ജില്ലാ തലത്തിൽ പരിശോധിച്ച് ആയത് വകുപ്പ് തലത്തിൽ ക്രോഡീകരിച്ച് കേന്ദ്രീകൃതമായി തയ്യാറാക്കി കേരള ഫിനാൻഷ്യൽ കോഡ് രണ്ടാം വാല്യം .Appendix 4. Item No.42 ലെ വ്യവസ്ഥകളും 09.05.2024 തീയതിയിലെ SPD- സി 3 / 216 / 2022- SPD നം . സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങളും കർശനമായി പാലിച്ചുകൊണ്ട് മാത്രം നിർവഹിക്കേണ്ടതാണ്.*

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABIN JOSE
ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) ) കേരളം, തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ് (vide UO Note No. 2987523/ WCD-1/2025-Fin dated 21/03/2025)

5. ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ&പി.ആർ.ഡി.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ